പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ

45 [1519] ശ്രീ. ലൂഡി ലൂയിസ് :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, എ. പി. അനിൽകുമാർ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെ എത്ര പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ ഒഴിവുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താത്തതെന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപായി ഈ ഒഴിവുകൾ നികത്തുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ എല്ലാ ബ്രാഞ്ചിലുംകൂടി 3080 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി & സി) ഒഴിവുകൾ നികത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് വകുപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ

46 [1520] ശ്രീ. കെ. എൻ. എ. ഖാദർ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കളത്തിൽ അബ്ദുള്ള :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനികവൽകരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) പരിഷ്കാരങ്ങൾ നിലവിൽ വരുത്തുന്നതിന് ഗവൺമെന്റിന് നിർദ്ദേശങ്ങൾ നൽകുന്നത് ആരാണ്;

(സി) ഇതിന് ഗവൺമെന്റ് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തുകയോ രൂപീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly